പൂർത്തിയായിട്ടുണ്ട്; ഇത്തരം സ്ഥാപനങ്ങളുടെ എത്ര ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) വാർഷിക കണക്കുകൾ 1998 ഒക്ടോബർ 31-ന് മുൻപായി സമർപ്പിക്കാത്ത ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവർക്കുമെതിരെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടും ചട്ടങ്ങളും പ്രകാരം ഷോകാസ് നോട്ടീസ്, കോടതി മുഖേനയുള്ള നടപടികൾ തുടങ്ങിയ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് 1997-98 വർഷത്തെ ഓഡിറ്റിൽ വെളിവായ ക്രമക്കേടുകളെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഡയറക്ടർ സർക്കാരിന് സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ)-(ഇ)

ഇതുസംബന്ധിച്ചുള്ള ഉത്തരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ വിവിധ സബ് ഓഫീസുകളിൽ നിന്നും ശേഖരിക്കേണ്ടിയിരിക്കുന്നതിനാൽ വിവരം ശേഖരിച്ചതിനു ശേഷം വിശദമായി മറുപടി സമർപ്പിക്കുന്നതാണ്.

11 (3337) **ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർ**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക മാനേജ്മെന്റ് നിർവ്വഹിക്കുന്ന സെക്രട്ടേറിയറ്റിലെ ധനകാര്യവകുപ്പിൽ ധനകാര്യ മാനേജ്മെന്റിൽ പ്രൊഫഷണൽ യോഗ്യതയുള്ള എത്ര ഉദ്യോഗസ്ഥരുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റിന് പ്രൊഫഷണൽ യോഗ്യത നിയമപരമായും നിർബന്ധമായും അനുശാസിക്കെ, സംസ്ഥാനത്തിന്റെ സാമ്പത്തിക ഭാഗധേയം നിർണ്ണയിക്കുന്ന ധനകാര്യ വകുപ്പിൽ എ.സി.എ. / ഐ.സി.ഡബ്ല്യു.എ / ഐ.എം.ബി.എ. (ധനകാര്യം)/ സി.എഫ്.എ. ബിരുദങ്ങളുള്ളവരുടെ അഭാവം ഒരു ന്യൂനതയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റ് നിയമവകുപ്പിൽ ഉദ്യോഗസ്ഥന്മാർക്ക് എൽ.എൽ.ബി. അടിസ്ഥാനയോഗ്യത നിശ്ചയിച്ചിട്ടുള്ളതുപോലെ ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് മേൽപ്പറഞ്ഞ ബിരുദങ്ങൾ അടിസ്ഥാനയോഗ്യതയാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ധനകാര്യ വകുപ്പിൽ അണ്ടർസെക്രട്ടറി മുതലുള്ള ഉദ്യോഗസ്ഥന്മാർക്ക് നിലവിലുള്ള വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സെക്രട്ടറിതലത്തിലുള്ള ഉദ്യോഗസ്ഥർ ഒഴികെ ധനകാര്യ മാനേജ്മെന്റിൽ പ്രൊഫഷണൽ യോഗ്യതയുള്ള മറ്റാരും തന്നെയില്ല.

(ബി) ഗവൺമെന്റിന്റെ ഒരു പ്രധാന വകുപ്പായ ധനകാര്യവകുപ്പിന്റെ പ്രവർത്തനം പൊതുമേഖലാസ്ഥാപനങ്ങളിലെ മാനേജ്മെന്റിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ഈ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ധനകാര്യ മാനേജ്മെന്റിൽ പ്രത്യേക യോഗ്യതയുള്ളവരുടെ അഭാവം ന്യൂനതയായി കാണുന്നില്ല.

(സി) അത്യന്താപേക്ഷിതമല്ല. എന്നാൽ ഇൻ-സർവ്വീസ് ട്രെയിനിംഗ് ആവശ്യാനുസരണം ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ട്. ഇതിൽ ധനകാര്യ മാനേജ്മെന്റും ഉൾപ്പെടും.

(ഡി) അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത സർവ്വകലാശാല ബിരുദമാണ്.

12 (3338) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിലുള്ള അപാകതകൾ പരിഹരിച്ചുത്തരവായതിൽ സംസ്ഥാന സർക്കാരിന് എന്ത് തുകയുടെ അധിക ബാദ്ധ്യതയുണ്ടാകുമെന്ന് വെളിപ്പെടുത്തുമോ;

(ബി) സർവ്വീസ് പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നീ വിഭാഗങ്ങൾക്ക് എന്തുമാത്രം ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രതിവർഷം 2.01 കോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകും.

(ബി) 25-11-98-ലെ ജി.ഒ.(പി) 3001/98/ധന. ഉത്തരവ് പ്രകാരം നൽകിയതിനുപരി പുതിയ ആനുകൂല്യങ്ങളൊന്നും ഈ വിഭാഗക്കാർക്ക് നൽകിയിട്ടില്ല.

13 (3339) ടി.എ., മെഡിക്കൽ ക്ലെയിംസ് എന്നിവയ്ക്ക് ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് അർഹമായ ടി.എ., മെഡിക്കൽ ക്ലെയിമുകൾ എന്നിവ നൽകാൻ കഴിയാതെ വകുപ്പ് മേധാവികൾ ബുദ്ധിമുട്ടുകയും ജീവനക്കാരിലാകെ അസംതൃപ്തി പടരുകയും ചെയ്യുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈയിനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിലുള്ള കാലതാമസത്തിന് കാരണമെന്താണെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly